# കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര (എ. ആർ. 12) വകുപ്പ്

## സർക്കുലർ

നമ്പർ 9219/എ.ആർ.12(1)/2011/പി.ആന്റ് എ.ആർ.ഡി. *തിരുവനന്തപുരം, 2011 ആഗസ്റ്റ് 10.*

*വിഷയം:*—ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പ്—സർക്കാർ ഓഫീസുകളിലെ പൗരാവകാശരേഖ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നത്—സംബന്ധിച്ച്

*സൂചന:*—1-7-2011-ലെ ഇതേ നമ്പർ സർക്കുലർ.

എല്ലാ സർക്കാർ ഓഫീസുകളിലും അതതു ഓഫീസിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമായ സേവനങ്ങൾ, അവ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ, സമയപരിധി, പ്രസ്തുത ഓഫീസിനെ സംബന്ധിച്ച പ്രസക്തമായ മറ്റു വിവരങ്ങൾ എന്നിവ പൊതുജനങ്ങളുടെ അറിവിലേക്ക്, പൗരാവകാശരേഖയായി ബോർഡിൽ എഴുതി രണ്ടാഴ്ചക്കുള്ളിൽ പ്രസിദ്ധീകരിക്കുന്നതിന് സൂചന പ്രകാരം സർക്കാരിന്റെ എല്ലാ വകുപ്പ് തലവന്മാർക്കും നിർദ്ദേശം നൽകിയിരുന്നു.

(2) സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി എല്ലാ വകുപ്പുകളുടേയും പൗരാവകാശരേഖകൾ ടി കാലയളവിനുള്ളിൽ പ്രസിദ്ധീകരിക്കുന്നതിനോടൊപ്പം വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണെന്ന് നിഷ്ക്കർഷിക്കുന്നു. അതോടൊപ്പം, വകുപ്പുതിരിച്ചുള്ള പൗരാവകാശരേഖ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കുവേണ്ടി പ്രസ്തുത പൗരാവകാശരേഖ അടങ്ങിയ സി. ഡി. (ഹാർഡ് കോപ്പി സഹിതം) രണ്ടാഴ്ചയ്ക്കുള്ളിൽ ഈ വകുപ്പിൽ ലഭ്യമാക്കുന്നതിന് എല്ലാ വകുപ്പുതലവന്മാർക്കും നിർദ്ദേശം നൽകുന്നു.

(3) പൗരാവകാശരേഖ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളപക്ഷം ആ വിവരം, വെബ്സൈറ്റ് അഡ്രസ്സ് സഹിതം, സർക്കാരിനെ അറിയിക്കേണ്ടതാണ്.

റ്റി. ജെ. മാത്യു,
*സെക്രട്ടറി.*

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സ്പെഷ്യൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും.

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും.

എല്ലാ വകുപ്പുമേധാവികൾക്കും, എല്ലാ ജില്ലാ കളക്ടർമാർക്കും.

പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം (അച്ചടി-ദൃശ്യമാദ്ധ്യമങ്ങളിലൂടെ പ്രചരണം നൽകുന്നതിന്).

രജിസ്ട്രാർ, കേരള/കുസാറ്റ്/കോഴിക്കോട്/എം.ജി./കണ്ണൂർ/ശ്രീശങ്കരാചാര്യ/ കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി. (ആമുഖ കത്ത് സഹിതം)

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം, (ആമുഖ കത്ത് സഹിതം)

ജനറൽ മാനേജർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം.

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം. (ആമുഖ കത്ത് സഹിതം)

സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)

ബഹു: മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

ബഹു: പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ചീഫ് സെക്രട്ടറിയുടെ ജോയിന്റ് സെക്രട്ടറിക്ക്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

---